നം - എൻ2/45482/10/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 29.06.2010

# സർക്കുലർ

വിഷയം- പ്രീ-മെട്രിക് സ്കോളർഷിപ്പ് 2010-11 - സംബന്ധിച്ച്
സൂചന - ഈ ഓഫീസിലെ 21.06.2010 ലെ പത്രപ്പരസ്യം

## പ്രീ-മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് ഹെഡ്മാസ്റ്റർക്കുള്ള നിർദ്ദേശങ്ങൾ താഴെ പറയുന്നു.

സർക്കാർ/ എയ്ഡഡ് / അൺഎയ്ഡഡ് (റെക്കഗ്നൈസ്ഡ്), സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ (അഫിലിയേഷനുള്ളവ) എന്നീ സ്ക്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ക്രിസ്ത്യൻ/മുസ്ലീം സമുദായങ്ങളിൽപ്പെട്ട കുട്ടികളിൽ മുൻവർഷത്തെ വാർഷിക പരീക്ഷയിൽ 50 ശതമാനമോ അതിൽ കൂടുതലോ മാർക്ക് കരസ്ഥമാക്കിയിട്ടുള്ള (ഒന്നാം ക്ലാസ്സ് ഒഴികെ) രക്ഷകർത്താക്കളുടെ വരുമാനം 1 ലക്ഷം രൂപയിൽ താഴെ മാത്രം ഉള്ളവരുമായ കുട്ടികൾക്കാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് വരുമാനം മാത്രം മാനദണ്ഡമാക്കിയാൽ മതിയാകും. അപേക്ഷയോടൊപ്പം കുട്ടിയുടെ മതം, രക്ഷകർത്താവിന്റെ വരുമാനം എന്നിവ തെളിയിക്കുന്ന 10 രൂപയുടെ മുദ്രപ്പത്രത്തിൽ വെവ്വേറെ തയ്യാറാക്കിയ സാക്ഷ്യപത്രങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. ഒരു കുടുംബത്തിലെ പരമാവധി 2 കുട്ടികൾക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളൂ. മുസ്ലീം/നാടാർ സ്കോളർഷിപ്പ്/പ്രീ-മെട്രിക് സ്കോളർഷിപ്പ് ഇവയിൽ ഏതെങ്കിലും ഒന്നിനേ കുട്ടിക്ക് അർഹതയുള്ളൂ.

പ്രീ-മെട്രിക് സ്കോളർഷിപ്പിനായി ലഭ്യമാകുന്ന അപേക്ഷകൾ അതാത് സ്ക്കൂളിലെ ഹെഡ്മാസ്റ്റർമാർ കർശനമായി പരിശോധിച്ച് മാർക്ക്, വരുമാനം, മതം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നത് ശരിയാണോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. വൈകി ലഭിക്കുന്നതും അപൂർണ്ണവുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കേണ്ടതില്ല.

കുട്ടികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ ഏതെങ്കിലും തെറ്റുകൾ കണ്ടെത്തിയാൽ അത് തിരുത്തി വാങ്ങേണ്ടതും അപേക്ഷയിൽപ്പറയുന്ന കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. 15.07.2010 ന് ശേഷം ലഭ്യമാകുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കേണ്ടതില്ല.

കുട്ടികൾ സമർപ്പിക്കുന്ന അപേക്ഷയിൽ മുൻവർഷത്തെ വാർഷിക പരീക്ഷയിൽ ലഭ്യമായ ഗ്രേഡ് നോക്കി അതിന്റെ മാർക്ക് ഒറ്റ മാർക്ക് എന്ന വിധത്തിൽ തന്നെയാണ് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടത്. **അപേക്ഷകൾ 23.06.10 മുതൽ 15.07.10 വരെ സ്വീകരിക്കേണ്ടതാണ്. ലഭ്യമാകുന്ന അപേക്ഷകൾ 20.07.2010 ന് മുമ്പായി ബന്ധപ്പെട്ട ഡി.ഇ.ഒ/എ.ഇ.ഒ യിൽ നൽകേണ്ടതാണ്.** ഇങ്ങനെ അപേക്ഷകൾ നൽകുമ്പോൾ അപേക്ഷിച്ച കുട്ടികളുടെ പേരു വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു ലിസ്റ്റ് കൂടി ബന്ധപ്പെട്ട ഡി.ഇ.ഒ/എ.ഇ.ഒ മാർക്ക് നൽകേണ്ടതും ലിസ്റ്റ് പ്രകാരമുള്ള അപേക്ഷകൾ സ്വീകരിച്ചതായി ഉള്ള സാക്ഷ്യപത്രം ഡി.ഇ.ഒ/എ.ഇ.ഒ മാരിൽ നിന്നും ഹെഡ്മാസ്റ്റർമാർ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. സ്ക്കൂൾ മുഖേന അപേക്ഷിക്കുന്ന അപേക്ഷകൾ മാത്രമേ ബന്ധപ്പെട്ട ഡി.ഇ.ഒ/എ.ഇ.ഒ കളിൽ സ്വീകരിക്കുകയുള്ളൂ. ഇക്കാര്യത്തിൽ കുട്ടികൾക്ക് ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ കർശന നിർദ്ദേശം നൽകേണ്ടതാണ്.

## അപേക്ഷാഫോറം പൂരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. 2010-11 വർഷത്തേക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന്റെ അപേക്ഷാഫോറം www.education.kerala.gov.in, www.itschool.gov.in എന്നീ വെബ്സൈറ്റുകളിൽ നിന്നും ലഭിക്കുന്നതാണ്. N2/39539/10/DPI എന്ന നമ്പരിലുള്ള അപേക്ഷാഫോറം മാത്രമേ സ്വീകരിക്കുകയുള്ളൂ.
2. അപേക്ഷാഫോറം പൂരിപ്പിക്കുന്നതിന് മുമ്പായി നിർദ്ദേശങ്ങൾ ശ്രദ്ധിച്ച് വായിക്കുക. അപൂർണ്ണവും തെറ്റായതുമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.
3. സർക്കാർ / എയ്ഡഡ് / അൺ എയ്ഡഡ് (റെക്കഗ്നൈസ്ഡ്), സി.ബി.എസ്.ഇ / ഐ.സി.എസ്.ഇ (അഫിലിയേഷനുള്ളവ) എന്നീ സ്കൂളുകളിലെ ഒന്നു മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ക്രിസ്ത്യൻ/മുസ്ലീം സമുദായങ്ങളിൽപ്പെട്ട കുട്ടികളാണ് അപേക്ഷ സമർപ്പിക്കേണ്ടത്. മുൻവർഷങ്ങളിൽ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിച്ചവർക്കും 2010-11 വർഷത്തിൽ അപേക്ഷിക്കാവുന്നതാണ്.
4. പൂരിപ്പിച്ച മാതൃകാഫോറം കണ്ടതിനു ശേഷം അപേക്ഷ പൂരിപ്പിച്ചു നൽകുന്നതായിരിക്കും നല്ലത്.
5. അപേക്ഷാഫോറത്തിൽ സൂചിപ്പിച്ചിരിക്കുന്ന സ്കൂൾ കോഡ്, ആപ്ലിക്കേഷൻ നമ്പർ എന്നിവ കുട്ടികൾ പൂരിപ്പിക്കേണ്ടതില്ല.
6. കുട്ടിയുടെ പേര് ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതേണ്ടതാണ്. ഇനിഷ്യൽ പേരിന് ശേഷം മാത്രം ചേർക്കുക.
7. സ്കൂൾ രേഖയിലുള്ള ജനനത്തീയതിയാണ് എഴുതേണ്ടത്.
8. വിഭാഗം 14, 16 എന്നിവ കുട്ടികൾ പൂരിപ്പിക്കേണ്ടതില്ല.
9. അപേക്ഷാഫോറത്തിൽ കുട്ടികൾ നിർബന്ധമായും ഒപ്പിട്ടിരിക്കണം. ഒന്നു മുതൽ അഞ്ചു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷകർത്താക്കൾ അപേക്ഷാഫോറത്തിൽ ഒപ്പിട്ടിരിക്കണം.
10. നാലാം പേജിലെ വിവരങ്ങൾ പൂരിപ്പിക്കേണ്ടത് സ്കൂൾ മേധാവിയാണ്.
11. പൂരിപ്പിച്ച അപേക്ഷാ ഫോറത്തിൽ സ്ഥാപന മേധാവി നിർബന്ധമായും ഒപ്പിട്ടിരിക്കണം.
12. വാർഷിക വരുമാനം, കുട്ടിയുടെ മതം എന്നിവ തെളിയിക്കുന്ന പത്ത് രൂപയുടെ വെവ്വേറെ മുദ്രപ്പത്രത്തിലുള്ള രക്ഷകർത്താവിന്റെ സത്യവാങ്മൂലവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. സത്യവാങ്മൂലത്തിന്റെ മാതൃക ആപ്ലിക്കേഷന്റെ അവസാനം നൽകിയിട്ടുണ്ട്.
13. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **2010 ജൂലായ് 15** ആണ്. അപൂർണ്ണവും അവസാന തീയതിക്ക് ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

എല്ലാ ഡി.ഡി./ഡി.ഇ.ഒ/എ.ഇ.ഒ/എച്ച്.എം എന്നിവർക്ക് ഇതിന്റെ പകർപ്പ് നൽകേണ്ടതാണ്.

**ഒപ്പ്**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

**പകർപ്പ് - എല്ലാ ഡി.ഇ.ഒ മാർക്കും**
**എല്ലാ എ.ഇ.ഒ മാർക്കും**

**പകർപ്പ് - എല്ലാ ഹെഡ്മാസ്റ്റേഴ്സിനും നൽകേണ്ടതാണ്**